# കണ്ണൂർ ജില്ലയിൽ, ഇരിട്ടി താലൂക്കിലെ ചാവശ്ശേരി വില്ലേജ് മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കുകളിലേക്ക് ജലവിതരണ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ ആഘാത പഠനം അന്തിമ റിപ്പോർട്ട്




**06.03.2021**

ചെയർമാൻ
സാമൂഹ്യാഘാത പഠനയൂണിറ്റ്
ക്രയ്റോസ്, കണ്ണൂർ

# കണ്ണൂർ ജില്ലയിൽ, ഇരിട്ടി താലൂക്കിലെ ചാവശ്ശേരി വില്ലേജ് മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കുകളിലേക്ക് ജലവിതരണ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ ആഘാത പഠനം അന്തിമ റിപ്പോർട്ട്

മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കുകളിലേക്ക് ജലവിതരണത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ചാവശ്ശേരി വില്ലേജിലെ റീ സ 218 ലെ പ്ലോട്ട് നമ്പർ 11,13,14,15,16 എന്നിവയിലെ 40 സെന്റ് ഭൂമി 2013 ലെ (RFCTLARR Act) ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമപ്രകാരം (കേന്ദ്രനിയമം 30,2013) ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെട്ട കയ് റോസ് കണ്ണൂർ, പ്രസ്തുത പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

## ആമുഖം

സംസ്ഥാനത്തിൽ വ്യവസായ വികസനം ആർജ്ജിക്കുന്നതിന്, അനുയോജ്യമായ വിഭവങ്ങളെ സമന്വയിപ്പിച്ച് പശ്ചാത്തലവികസനം ത്വരിതപ്പെടുത്തുന്നതിനായി അർപ്പണമനോഭാവത്തോടെ പ്രവർത്തിച്ചുവരുന്ന, കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് കിൻഫ്ര (Kerala Industrial Infrastructure Development Corporation)

നിക്ഷേപ സൗഹൃദമായതും, അനുഗ്രഹീതവുമായ കാലാവസ്ഥകൊണ്ടും ഏറെ അനുയോജ്യമായ സാഹചര്യം നിലനിൽക്കുന്ന കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് ഗതിവേഗം ഉണ്ടാക്കുന്നതിനായി കേരളത്തിലുടനീളം സുനിർവചിതമായ 24 ഓളം വ്യവസായ പാർക്കുകൾ ഉണ്ടാക്കിക്കഴിഞ്ഞ കിൻഫ്ര, ഇത്തരം പാർക്കിലൂടെ, വ്യവസായ തല്പരരായവർക്ക് അനുയോജ്യമായ വിവിധ തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റു സഹായ സേവനങ്ങളും നൽകി വരുന്നു. ഏക ജാലക സംവിധാനത്തിലൂടെ സേവനം നൽകപ്പെടുമ്പോൾ വ്യവസായ വികസനത്തിനും, വൈവിധ്യവൽക്കരണത്തിനും മികച്ച അവസരങ്ങളും ആകർഷകമായ ഉത്തേജക പദ്ധതികളും നൽകിവരുന്ന കിൻഫ്ര, അവരുടെ മട്ടന്നൂരുള്ള വ്യവസായ പാർക്കുകളിലേക്ക് ജലവിതരണ സൗകര്യം ഒരുക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ചാവശ്ശേരി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും 300mm K9 പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. ചാവശ്ശേരി പറമ്പിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും നിലവിൽ തന്നെ കിഫ്ബിയുടെ മട്ടന്നൂർ, ഇരിട്ടി മുൻസിപ്പാലിറ്റികളിലേക്കും കണ്ണൂർ എയർപോർട്ടിലേക്കും ജലവിതരണ സംവിധാനം അടക്കം മൂന്നു പൈപ്പ് ലൈനുകൾ പോകുന്നുണ്ട്. അതിനാൽ പുതിയ ഒരു പൈപ്പ്ലൈൻ കൂടി വലിക്കാനുള്ള സ്ഥലസൗകര്യമില്ലാത്തതിനാൽ നിലവിലുള്ള പൈപ്പ്ലൈനിന് സമാന്തരമായി പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കണമെങ്കിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള പൈപ്പ്ലൈനിൽനിന്നും 5 മീറ്റർ



വീതിയിലും 320 മീറ്റർ നീളത്തിലുമാണ് ഭൂമി ആവശ്യമായി വരുന്നത്. അതുവഴി മട്ടന്നൂരിൽ സ്ഥാപിതമാകുന്ന പുതിയ പാർക്കിലേക്ക് ആവശ്യത്തിന് വെള്ളമെത്തിക്കാനും, പാർക്കിനെ പ്രവർത്തന സജ്ജമാക്കാനും, അതുവഴി കൂടുതൽ സംരഭങ്ങൾ ആരംഭിക്കുകവഴി, പുതു സംരംഭകരെ സൃഷ്ടിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുകയും അത് പ്രാദേശിക സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുകയും ചെയ്യും.

**<u>ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം</u>**

കിൻഫ്രയുടെ മട്ടന്നൂർ വ്യവസായ പാർക്കിലേക്ക് ജലവിതരണം സാധ്യമാക്കുന്നതിനു പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി ചാവശ്ശേരി വില്ലേജിലെ, വാട്ടർ അതോറിറ്റി ട്രീറ്റ്മെന്റ് പ്ലാന്റിന് സമീപത്തായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.



| ക്രമ നമ്പർ | സർവ്വേ നമ്പർ | വില്ലേജ് | വിവരണം | ഭൂഉടമസ്ഥർ |
| --- | --- | --- | --- | --- |
| 1 | 218<br>പ്ലോട്ട് നമ്പർ<br>11<br>13<br>14<br>15<br>16 | ചാവശ്ശേരി | തോട്ടം | ലക്ഷ്മി w/o രാമൻ<br>മീനാക്ഷി , പയഞ്ചേരി മുക്ക്<br>വലിയ കുഞ്ഞിരാമൻ s/o വലിയ ചില്ലിക്ക<br>വലിയ ഓമന w/o വെള്ളൻ<br>മുകുന്ദൻ s/o വെള്ളി |

**പകരം ഭൂമി ലഭ്യത**

നിലവിൽ ചാവശ്ശേരി പറമ്പിലുള്ള, കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും, കണ്ണൂർ വിമാന താവളത്തിലേക്കും, ഇരിട്ടി, മട്ടന്നൂർ മുൻസിപ്പാലിറ്റികളിലേക്കുമുള്ള പൈപ്പ് ലൈനിനു സമാന്തരമായി, കിൻഫ്രയുടെ വ്യവസായ പാർക്കിലേക്ക് ജലവിതരണ പൈപ്പ് സ്ഥാപിക്കാനാണ് ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഈ പൈപ്പ്ലൈൻ, നിലവിലുള്ള പൈപ്പ് ലൈനിന് സമാന്തരമായി സ്ഥാപിക്കാൻ, നിലവിലുള്ള പൈപ്പ്ലൈനിന് സമീപത്തുള്ള ഭൂമി മാത്രമേ ഉപയോഗ്യമാകൂ. ഈ ലൈനിന് സമീപത്തായി റീ സ 218 ലെ 11, 13, 14, 15, 16 എന്നീ പ്ലോട്ടുകളിലെ ഭൂമി മാത്രമേയുള്ളു. ഈ ഭൂമിയിലാണെങ്കിൽ കാര്യമായ അനുഭവങ്ങൾ ഒന്നും തന്നെയില്ല. അതിനാൽ പകരം ഭൂമി ലഭ്യത പരിഗണിക്കേണ്ടതില്ല.

**ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ?**



മട്ടന്നൂരിലെ കിൻഫ്ര വ്യവസായ പാർക്കിലേക്ക് ജലവിതരണത്തിനായി ഇരിട്ടി താലൂക്കിലെ ചാവശ്ശേരി വില്ലേജിലുള്ള, കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും, പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ചാവശ്ശേരി വില്ലേജിലെ റീ സ 218 ൽപെടുന്ന പ്ലോട്ട് നമ്പർ 11, 13, 14, 15, 16 ലെ 40 സെൻറ് ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഈ ഭൂമി ഏറ്റെടുത്തു നൽകണമെന്ന് അർത്ഥന നടത്തുന്നത്, അർത്ഥനാധികാരിയായ കിൻഫ്രയുടെ മാനേജിങ് ഡയറക്ടറാണ്.

സംസ്ഥാന നിയമസഭയിലെ ഒരു നിയമപ്രകാരം 1993 ഫെബ്രുവരിയിൽ സ്ഥാപിതമായ കിൻഫ്രയുടെ ഭരണ നിർവഹണം നടത്തുന്നത് ചീഫ് സെക്രട്ടറി ചെയർമാനും , സർക്കാരിന്റെ വ്യവസായ, അനുബന്ധ വകുപ്പ് മേധാവികൾ അംഗങ്ങളുമായ ഒരു ഡയറക്ടർ ബോർഡുമാണ്. അന്തർദേശിയ നിലവാരത്തിലുള്ള വ്യാവസായിക പശ്ചാത്തല സൗകര്യം ഒരുക്കി വിദേശ സംരംഭകരെ അടക്കം സ്വാഗതം ചെയ്ത്, പുതിയ ഒരു വ്യവസായ അന്തരീക്ഷം സൃഷ്ടിക്കാനും അതുവഴി സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് വഴിയൊരുക്കാനും നേതൃത്വം നൽകുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കിൻഫ്ര. സംസ്ഥാനത്ത് ഉടനീളം പ്രവർത്തിക്കുന്ന വ്യവസായ പാർക്കുകളിലൂടെ പുതിയ സംരംഭവും സംരംഭകരും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നത് പൊതു സമൂഹത്തിനു വേണ്ടിയാണ്. ഇവിടെ അർത്ഥനാധികാരിക്ക് ഭൂമി ഏറ്റെടുത്തു നൽകുന്നതിന് നേതൃത്വം നൽകുന്നത് ജില്ലാ ഭരണാധികാരിയായ കളക്ടർ ആണ്. അതിനാൽ തന്നെ കിൻഫ്രയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കുക എന്നത് പൊതു ആവശ്യത്തിന് തന്നെയാണെന്ന് വ്യക്തമാക്കുന്നു.

## <u>ഭൂമിയുടെ സ്വഭാവം</u>

മട്ടന്നൂരിലുള്ള കിൻഫ്ര വ്യവസായ പാർക്കിലേക്ക്, ചാവശ്ശേരിയിലുള്ള കേരള വാട്ടർ അതോറിറ്റി ജലസംഭരണിയിൽ നിന്ന്, ജലവിതരണത്തിന് പൈപ്പ് ലൈൻ സ്ഥാപിക്കാനാണ് ചാവശ്ശേരി വില്ലേജിലെ റീ സ 218 ലെ 11,13,14,15,16 എന്നീ പ്ലോട്ടുകളിലെ 40 സെൻറ് ഭൂമി ഏറ്റെടുക്കപെടേണ്ടിവരുന്നത്. ഇത് നിലവിലുള്ള പൈപ്പ് ലൈനിന് സമാന്തരമായി 5 മീറ്റർ വീതിയിലും 320 മീറ്റർ നീളത്തിലുമാണ്. ഇത് തോട്ടം വിഭാഗത്തിൽപെടുന്ന ഭൂമിയാണ്. ഇത് അഞ്ചു ആദിവാസി കുടുംബങ്ങൾക്ക് പതിച്ചു നൽകിയ ഭൂമിയിൽപെടുന്നു. ഇത് കാര്യമായ അനുഭവങ്ങൾ ഒന്നും തന്നെ ഇല്ലാത്ത ഭൂമിയാണ്. ഇവിടെ ആദിവാസി കുടുംബങ്ങൾക്ക് താമസിക്കുന്നതിനായി 10 സെന്റ് സ്ഥലവും, കൃഷി ചെയ്യുന്നതിനായി ഒരേക്കർ സ്ഥലവുമാണ് നൽകിയിരിക്കുന്നത്. ഇതിൽ കൃഷിക്ക് മാത്രമായി നൽകിയ ഒരേക്കർ ഭൂമി ഇവർക്ക് കൈവശം വച്ച് അനുഭവിക്കാൻ മാത്രം അവകാശമുള്ളതാണ്. ഈ ഭൂമി അനന്തരാവകാശികൾക്കും അനുഭവിച്ചു വരാവുന്നതാണ്. എന്നാൽ ഈ ഭൂമിയിൽ ഇവർക്ക് ക്രയവിക്രയ അവകാശമില്ലാത്തതാണ്.

## <u>ഭൂമിയുടെ ഉടമസ്ഥർ</u>

| ക്രമ നം | സർവ്വേ നം | ഉടമസ്ഥന്റെ പേര് | വിസ്തീർണം |
|---|---|---|---|
| 1 | റീ.സ 218 പ്ലോട്ട് നം: 11 | ലക്ഷ്മി w/o രാമൻ | കൃത്യമായി അളന്നു തിട്ടപ്പെടുത്തിയിട്ടില്ല. |
| 2 | 13 | മീനാക്ഷി , പയഞ്ചേരി മുക്ക് | |
| 3 | 14 | വലിയ കുഞ്ഞിരാമൻ s/o വലിയ ചില്ലിക്ക | |

| | | | |
|---|---|---|---|
| 4 | 15 | വലിയ ഓമന w/o വെള്ളൻ | ആകെ 40 സെന്റ് |
| 5 | 16 | മുകുന്ദൻ s/o വെള്ളി | |

**കൃഷികൾ**

കിൻഫ്രയുടെ മട്ടന്നൂരിലുള്ള വ്യവസായ പാർക്കിലേക്ക് ജലവിതരണത്തിനായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ചാവശ്ശേരി വില്ലേജിലെ റീ സ 218 ലെ അഞ്ചു പ്ലോട്ടുകളിലായിട്ടുള്ളതും, നിലവിൽ ചാവശ്ശേരി ജലവിതരണസംവിധാന



പൈപ്പുകൾക്കു സമാന്തരമായി, പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് 5 മീറ്റർ വീതിയിൽ 320 മീറ്റർ നീളത്തിലാണ് ഏറ്റെടുക്കപ്പെടാനുള്ള സ്ഥലം. അഞ്ചു ആദിവാസി കുടുംബങ്ങൾക്കായി സർക്കാർ അനുവദിച്ചു നൽകിയ ഭൂമിയിൽ പെടുന്നതാണ് ഈ സ്ഥലം. ഈ സ്ഥലത്ത് ആകെയുള്ളത് 11 കശുമാവുകളും മൂന്നു തേക്ക് മരങ്ങളും രണ്ടു പടുമരങ്ങളുമാണ്. അതിനാൽ തന്നെ ഇത് ഒരു കൃഷി ഭൂമിയല്ല എന്ന് വ്യക്തമാകുന്നു. കൂടാതെ നിലവിലുള്ള വൃക്ഷങ്ങളെ സംരക്ഷിക്കുന്ന രീതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കപ്പെടുന്ന സമയത്ത്, നിലവിലുള്ള കശുമാവുകൾക്കോ തേക്കുകൾക്കോ സാരമായ ക്ഷതം സംഭവിക്കാനിടയില്ല.

**സ്ഥാപനങ്ങൾ**

മുന്നേ വ്യക്തമാക്കിയതുപോലെ ഇത് ഒരു ഒഴിഞ്ഞ പറമ്പാണ്. ഇവിടെ യാതൊരു തരത്തിലുള്ള സ്ഥാപനങ്ങളും ഇല്ല.

**സാമൂഹ്യ ആഘാത പഠന യൂണിറ്റിന്റെ ഘടന**

കണ്ണൂർ ജില്ലയിൽ, ഇരിട്ടി താലൂക്കിലെ ചാവശ്ശേരി അംശം ദേശത്തിലെ റീ സ 128 ലെ പ്ലോട്ട് നം 11,13,14,15,16 എന്നിവയിലെ, ആദിവാസികൾക്കായി സർക്കാർ പതിച്ചു നൽകിയ ഭൂമിയിലെ 40 സെൻറ് സ്ഥലമാണ് ഏറ്റെടുക്കേണ്ടിയിരിക്കുന്നത്. 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, സാമൂഹ്യാഘാതങ്ങളെക്കുറിച്ചു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ബർണശ്ശേരി

ആസ്ഥാനമായി കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചുവരുന്ന Track A NGOആയ കയ്റോസ് (Kannur Association for Integrated Rural Organization and Support) കണ്ണൂരിനെയാണ്. ഈ ചുമതല നല്കപ്പെട്ടിരിക്കുന്നതു കണ്ണൂർ ജില്ലാ കളക്ടറുടെ 23/01/2021 ലെ DCKNR/593/2020 C6 നടപടിക്രമപ്രകാരമാണ്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 30/01/2021 തീയ്യതിയിലെ 385 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ഫാ.ഷൈജു പീറ്റർ (സോഷ്യോളജിസ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ.വി.ചന്ദ്രൻ ( റിട്ട.ഫിഷറീസ് ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി. ജെസി റജി (ഡി.ടി.പി. ഓപ്പറേറ്റർ ) | അംഗം |
| 4 | ശ്രീ. പ്രസാദ് ( ഓഫിസ് അസിസ്റ്റന്റ് ) | OA |

**<u>പഠനോപാധികൾ</u>**

ഇരിട്ടി താലൂക്കിലെ ചാവശ്ശേരി അംശം ദേശത്തിൽ റീ സ 128 ൽ പെട്ട 11,13,14,15,16 എന്നീ പ്ലോട്ടുകളിൽപെട്ട 40 സെൻറ് സ്ഥലമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ഇത് ഇപ്പോഴത്തെ ഉടമകൾക്ക് ക്രയവിക്രയ അവകാശം ഇല്ലാത്ത സ്ഥലമാണ്. അതുകൊണ്ടു തന്നെ Community based method, Stakeholder analysis,Participatory observation എന്നീ ടൂളുകൾ ഉപയോഗിച്ചാണ് പഠനം നടത്തിയിരിക്കുന്നത്.

**<u>പൊതു അവകാശവാദം കേൾക്കൽ</u>**

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ ചാവശ്ശേരി വില്ലേജിലെ റീ സ 218 ഇൽ പെട്ട 40 സെന്റ് സ്ഥലം കിൻഫ്രയുടെ മട്ടന്നൂരുള്ള വ്യവസായ പാർക്കിലേക്ക് വെള്ളം എത്തിക്കുന്നതിന് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുന്നതുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള അവകാശനിയമത്തിൽ അനുശാസിക്കുന്ന പൊതുകേൾക്കൽ യോഗം 2021 ഫെബ്രുവരി 19 )ം തീയതി കാലത്ത് 11 മണിക്ക് ചാവശ്ശേരി മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്ററിന് സമീപത്തെ ഹാളിൽ ചേർന്നു. യോഗത്തിലെ ഹാജരും നിർദേശങ്ങളും താഴെ കാണിച്ചിരിക്കുന്നു.

യോഗത്തിൽ സ്ഥലമുടമകളായ മുകുന്ദൻ s/o വെള്ളി, വലിയകുഞ്ഞിരാമൻ s/o വലിയ ചില്ലിക്ക, മീനാക്ഷി w/o ശ്രീധരൻ, വലിയ ഓമന മകൻ രാജൻ എന്നിവർ പങ്കെടുത്തു.

കൂടാതെ കിൻഫ്രയെ പ്രതിനിധീകരിച്ച് ശ്രീ രാഘുനാഥൻ തഹസിൽദാർ കിൻഫ്ര മട്ടന്നൂർ, ശ്രീ രാഹുൽ സൈറ്റ് എൻജിനീയർ കിൻഫ്ര, കയ്റോസ് പ്രൊജക്റ്റ് മാനേജർ ശ്രീ കെ.വി.ചന്ദ്രൻ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ താഴെ കാണിക്കുന്നു

1. <u>മുകുന്ദൻ</u>

എനിക്ക് സർക്കാർ പതിച്ചു നൽകിയ ഭൂമിയാണ്. ഈ ആവശ്യത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ ഞങ്ങൾക്ക് തക്കതായ നഷ്ടപരിഹാരം നൽകണം. അല്ലാത്ത പക്ഷം ഇനിയും സർക്കാർ ആവശ്യത്തിന് ഭൂമി ഏറ്റെടുക്കപെട്ടാൽ ഞങ്ങൾക്ക് പതിച്ചു നൽകിയ സ്ഥലം ഇല്ലാതാകും. എന്റെ എത്ര സ്ഥലമാണ് ഏറ്റെടുക്കുക എന്ന് വ്യക്തമാക്കണം.



2. <u>വലിയ ഓമന മകൻ രാജൻ</u>

ഏറ്റെടുക്കപെടുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകണം. പകരമായി ഭൂമി നൽകുകയാണെങ്കിൽ , എനിക്ക് ഗുണകരമായ രീതിയിൽ തന്നെ ഉപയോഗിക്കാൻ പറ്റുന്ന സ്ഥലം അനുവദിക്കണം.

3. <u>വലിയ കുഞ്ഞിരാമൻ</u>

പൈപ്പ്ലൈനിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിൽ എനിക്ക് ആക്ഷേപമില്ല. ഞാൻ അധ്വാനിച്ചു കൃഷിഭൂമിയാക്കിയ സ്ഥലമാണ്. അതിനനുസരിച്ചു നഷ്ടപരിഹാരം ലഭിക്കണം. ഇതിൽനിന്നു ലഭിക്കുന്ന വരുമാനം കൊണ്ടാണ് ഞാനും കുടുംബവും ജീവിക്കുന്നത്.

4. <u>മീനാക്ഷി</u>

എന്റെ സ്ഥലത്തിന്റെ ചെറിയ ഭാഗമാണ് പോകുന്നതെങ്കിലും അർഹതപ്പെട്ട നഷ്ടപരിഹാരം ലഭിക്കണം.

യോഗം 2 മണിക്ക് അവസാനിച്ചു

പ്രസ്തുത യോഗത്തിൽ ഭൂവുടമകളിൽ നിന്നും തൽപരകക്ഷികളിൽനിന്നും ഉയർന്നു വന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ മാനേജിങ് ഡയറക്ടർ

KINFRA ക്കു അയച്ചു കൊടുത്തിരുന്നു. അതിനുള്ള അഭിപ്രായങ്ങൾ 04.03.2021



നു ഇമെയിൽ മുഖേന ലഭിക്കുകയും ചെയ്തു. ആയതു താഴെ കാണിച്ചിരിക്കുന്നു.

**പരാതി - 1**

ഏറ്റെടുക്കുന്ന ഭൂമിയിലുള്ള വസ്തുവകകളുടെയും മരങ്ങളുടെയും മറ്റും വില ചട്ട പ്രകാരമായിരിക്കും വില നിശ്ചയിക്കുന്നത്. 11(1) നോട്ടിഫിക്കേഷൻ സമയത്ത് സ്പെഷ്യൽ തഹസിൽദാർ ഭൂമി അളന്ന് വിസ്തീർണ്ണം നിശ്ചയിക്കുന്നതാണ്.

**പരാതികൾ - 2,3,4**

ഭൂമി ഏറ്റെടുക്കുന്ന സമയത്ത് ചട്ടപ്രകാരം പരിശോധിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ. എ ) കിൻഫ്ര ചാലോട് നടപടികൾ എടുക്കുന്നതായിരിക്കും.

**<u>ആഘാതങ്ങൾ</u>**

**<u>തൊഴിലിനുണ്ടാകുന്ന ആഘാതം</u>**

നേരത്തെ വ്യക്തമാക്കിയതുപോലെ, ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം, നിലവിലെ വാട്ടർ അതോറിറ്റി പൈപ്പ് ലൈനിനു സമാന്തരമായി 5 മീറ്റർ വീതിയിലും 320 മീറ്റർ നീളത്തിലുമാണല്ലോ. ഇവിടെ ആകെയുള്ളത് 11 കശുമാവുകളാണ്. ഇത് പ്രത്യേകസമയത്ത് മാത്രം ആദായം നൽകുന്ന വൃക്ഷമാണ്. നിലവിലുള്ള വൃക്ഷങ്ങൾ മുറിച്ചു മാറ്റാതെ പൈപ്പ്‌ലൈൻ സ്ഥാപിക്കാനാണ് അധികാരികൾ ശ്രമിക്കുന്നതെന്ന് അറിയാൻ കഴിഞ്ഞു. ഈ കശുമാവുകളെ മാത്രം ആശ്രയിച്ച് ആരും തന്നെ തൊഴിലിൽ ഏർപ്പെടുന്നില്ല. അതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കൽ തൊഴിലിനു ആഘാതമുണ്ടാക്കുന്നില്ല.

**വരുമാനത്തിനുള്ള ആഘാതം**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്നസ്ഥലത്ത്, മുന്നേ വ്യക്തമാക്കിയതുപോലെ നിലവിൽ മൂന്നുമാസത്തോളം മാത്രം ആദായം ലഭിക്കുന്ന 11 കശുമാവുകൾ മാത്രമാണ് ഉള്ളത്. ഇത് അഞ്ചു വ്യക്തികൾക്ക് പതിച്ചു നൽകിയ സ്ഥലത്താണുള്ളത്. ഇത് ഒരാളുടേതാണെങ്കിൽ പോലും , ഇതിലൂടെ ലഭിക്കുന്ന വരുമാനം തുലോം തുച്ഛമായിരിക്കും. മാത്രമല്ല നിലവിലെ മരങ്ങൾ കഴിയുന്നത്രയും മുറിച്ചു മാറ്റാതെ, പൈപ്പ്ലൈൻ സ്ഥാപിക്കാനാണ് അധികാരികൾ ഉദ്ദേശിക്കുന്നത്. അതിനാൽ ഈ സ്ഥലം ഏറ്റെടുക്കൽ വരുമാനത്തെ ബാധിക്കുന്നില്ല എന്ന് വ്യക്തമാകുന്നു.

**പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന ആഘാതം**

നേരത്തെ വ്യക്തമാക്കിയതുപോലെ, ചാവശ്ശേരി ടൗൺഷിപ് കോളനിക്ക് സമീപത്തുള്ള, കേരള വാട്ടർ അതോറിറ്റിയുടെ ജലസംഭരണ ടാങ്കിൽ നിന്ന്, കണ്ണൂർ വിമാനത്താവളത്തിലേക്കും, ഇരിട്ടി മട്ടന്നൂർ മുൻസിപ്പാലിറ്റി മേഖലയിലേക്ക് ജലവിതരണത്തിലുള്ള KWA യുടെ നിലവിൽ സ്ഥാപിക്കപ്പെട്ട പൈപ്പ് ലൈനിനു സമാന്തരമായിട്ടാണ് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ഇത് പൊതു ഇടമല്ല. ഇവിടെ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ല. പൊതുവെ ഒഴിഞ്ഞ ഒരു പറമ്പിന്റെ ഭാഗമാണ് അതിനാൽ തന്നെ സ്ഥലമേറ്റെടുപ്പ് പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ ആഘാതമുണ്ടാക്കുന്നില്ല.

**പരിസ്ഥിതിക്ക് ഉണ്ടാകുന്ന ആഘാതം**

ചാവശ്ശേരി വില്ലേജിലെ റീ സ 218 ഇൽപെടുന്ന വിവിധങ്ങളായ 5 പ്ലോട്ടുകളിലെ 40 സെന്റ് സ്ഥലമാണ്, നിർദിഷ്ട മട്ടന്നൂർ കിൻഫ്ര പാർക്കിലേക്ക് ജലവിതരണ സൗകര്യം ഒരുക്കുന്നതിന് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്നത്. നിലവിൽ സ്ഥാപിക്കപ്പെട്ട പൈപ്പ് ലൈനിനു സമാന്തരമായാണ് പുതിയ ലൈൻ സ്ഥാപിക്കുക. ഇവിടെ കൂടുതലും കാര്യമായ അനുഭവങ്ങൾ ഒന്നുമില്ലാത്ത പറമ്പാണ്. ഈ നിർദിഷ്ട സ്ഥലത്ത് ആകെ 11 കശുമാവുകളും മൂന്നു തേക്കുമരങ്ങളും 2 കാട്ടുമരങ്ങളുമാണ് ഉള്ളത്. ഈ സ്ഥലം ഗിരി വർഗ്ഗവിഭാഗത്തിൽ പെടുന്ന അഞ്ചുപേർക്ക് പതിച്ചുനൽകിയതാണ്. ക്രയവിക്രയ അനുമതി ഇല്ലാത്തതും പട്ടയം നൽകുമ്പോൾ, പ്രസ്തുത ഭൂമിയിലുള്ള നമ്പറിട്ട മരങ്ങൾ മുറിക്കാൻ പോലും അവകാശമില്ലാത്ത ഭൂമിയാണ്. കൂടാതെ, നിലവിലുള്ള മരങ്ങൾ പരമാവധി നിലനിർത്തി, പൈപ്പ്ലൈൻ സ്ഥാപിച്ച്, ഭൂമി പൂർവസ്ഥിതിയിലാക്കുകയും ചെയ്യപ്പെടും. പരിസ്ഥിതി സൗഹൃദമായ രീതിയിലുള്ള നടപടികൾ ആയതിനാൽ തന്നെ, ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ഒരു തരത്തിലും പരിസ്ഥിതിയെ സ്വാധീനിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു.

പൊതുവെ നോക്കുകയാണെങ്കിൽ, സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്കായി, അക്ഷീണം പ്രവർത്തിച്ചുവരുന്ന, കിൻഫ്രയുടെ നിർദിഷ്ട മട്ടന്നൂർ വ്യവസായ പാർക്കിലേക്ക് ജലവിതരണ സംവിധാനം ഒരുക്കുന്നതിനായി, നിലവിലുള്ള പൈപ്പ്ലൈനിനു സമാന്തരമായി പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുന്നത് തൊഴിലിനോ, വരുമാനത്തിനോ, പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ, പരിസ്ഥിതിക്കോ ഒരു തരത്തിലുള്ള ആഘാതങ്ങളും ഉണ്ടാക്കുന്നില്ല എന്നറിയിക്കുന്നു.

**06.03.2021**

**ചെയർമാൻ**
**സാമൂഹ്യാഘാത പഠനയൂണിറ്റ്**
**ക്രയ്റോസ്, കണ്ണൂർ**